ശ്രീ. കെ. കൊച്ചുകുട്ടൻ : ബാദ്ധ്യസ്ഥരാണ്; പക്ഷെ ചിലപ്പോൾ ചില കാര്യങ്ങളിൽ ഗവണ്മെൻറിന്റെ അനുവാദം ആവശ്യമാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഭൂരിപക്ഷപ്രകാരം തീരുമാനം എടുത്താൽ അതു ലംഘിക്കാനുള്ള അധികാരം ആഫീസറന്മാർക്കു കൊടുത്തിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. എൻ. ജി. ചാക്കോ : ഭൂരിപക്ഷം പഞ്ചായത്തുകളും ഈ ആഫീസറന്മാരുടെ നിയമനത്തെ സ്വാഗതം ചെയ്യുന്നില്ലേ ?

ഉത്തരം ഇല്ല.

പഞ്ചായത്ത് ഡയറക്ടരുടെ നിർദ്ദേശം.

* 68. [4] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉള്ളി, മല്ലി, മുളക് തുടങ്ങിയ നിത്യോപയോഗസാധനങ്ങൾ വില്പനനടത്തുന്ന കച്ചവടക്കാരുടെമേൽ ഈ സാധനങ്ങൾ വില്പന നടത്തുന്നതിന് പ്രത്യേകം ലൈസൻസുഫീസ് ചുമത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഈ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതോടുകൂടി ബഹുജനങ്ങളുടെ സാമ്പത്തികഭദ്രിതം വർദ്ധിക്കുവാനിടയുണ്ടെന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ, പഞ്ചായത്ത് ഡയറക്ടരുടെ പ്രസ്തുത നിർദ്ദേശം നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറ് നടപടികൾ സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉള്ളി, മല്ലി മുതലായ നിത്യോപയോഗസാധനങ്ങൾ വിൽപ്പന നടത്തുന്ന കച്ചവടക്കാരുടെ മേൽ ഈ സാധനങ്ങൾ വിൽപ്പന നടത്തുന്നതിന പ്രത്യേകം ലൈസൻസ് ഫീസ് ചുമത്തണമെന്ന ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടില്ല. മുളക് സംഭരിക്കുന്നതിനും മറ്റും ലൈസൻസ് എടുക്കേണ്ടതാണ്.

(ബി), (സി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബി-യും സി-യും ഉദിക്കുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : പഞ്ചായത്തുകളുടെ ബൈലായിൽ ഭേദഗതി വരുത്തുന്നതിനുവേണ്ടി 100 സാധനങ്ങളുടെ ലിസ്റ്റ് പഞ്ചായത്തുകൾക്കു അയച്ചിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ. ഉണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അതിൽ ഈ പറഞ്ഞ സാധനങ്ങൾ ഉൾപ്പെട്ടുന്നില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിൽ മുളക് ഉൾപ്പെട്ടുന്നുണ്ട്. മൊത്തക്കച്ചവടമായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ശർക്കര, കാപ്പിപ്പൊടി മുതലായ സാധനങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ ലിസ്റ്റ് മാർച്ച് 22-ാം തീയതിയിലെ ഗസറ്റിൽ പ്രസ്താവിച്ചിട്ടുണ്ട്.

തൊഴിൽത്തർക്കങ്ങളിൽ പോലീസ് ഇടപെടൽ.

* 69. [5] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ :

(എ) ഗവണ്മെന്റ് കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ പ്രഖ്യാപിച്ചിരുന്നതിനു വിപരീതമായി തൊഴിൽത്തർക്കങ്ങളിൽ പോലീസ് ഇടപെടൽ ഉണ്ടായിട്ടുണ്ടോ ;

(ബി) വിതുരയിൽ പൊന്നാൻചുണ്ട് റബ്ബർ എസ്റ്റേറ്റിൽ 1955 മേയ്, ജൂൺ മാസങ്ങളിൽ നടന്ന തൊഴിൽ സമരത്തിൽ പോലീസ് ഇടപെട്ടതായി പരാതികൾ ലഭിച്ചിട്ടില്ലേ ;

(സി) പരാതികളുടെ സ്വഭാവമെന്താണ് ;

(ഡി) എന്തു നടപടി സ്വീകരിച്ചു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) മൻ ജോലിക്കാരുടെ സത്യാഗ്രഹത്തിൽ പോലീസുകാർ അനാവശ്യമായി ഇടപെടുന്നു എന്നാണ് പരാതി.

(ഡി) പരാതി അടിസ്ഥാനരഹിതമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : വിതുരയിൽ പൊന്നാൻചുണ്ട് എസ്റ്റേറ്റിൽ നടന്ന സംഭവം എന്താണ് ?

ശ്രീ. എ. ജെ. ജാൺ : കമ്മ്യൂണിസ്റ്റ്പാർട്ടിയിൽപ്പെട്ട ആളുകൾ അവിടെ ഒരു ബഹളം ഉണ്ടാക്കിയതിനെ തുടർന്നു പോലീസ് ഇടപെടേണ്ടതായിട്ടു വന്നിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കമ്മ്യൂണിസ്റ്റ്പാർട്ടിയിൽപ്പെട്ട ആളു 'ഇല്ലാ മറവ ഇങ്ങാ ഉണ്ട്' ബഹളം ഉണ്ടാക്കിയതെന്ന വിവരം ഗവണ്മെന്റിനു അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : തൊഴിൽത്തർക്കങ്ങളിൽ പോലീസ് നേരിട്ട് ഇടപെടുന്നതായിട്ടു പരാതിയുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : തൊഴിൽത്തർക്കങ്ങളിൽ ഇടപെടാൻ പാടില്ലെന്നു നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ അതോടു് അനുബന്ധിച്ചു് മറ്റു ബഹളങ്ങളും ഉണ്ടാകുകയാണെങ്കിൽ പോലീസിനു ഇടപെടേണ്ടതായി വരും.

LIBRARY ARCHIVES Kerala Legislative Assembly